**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ ഹെഡ്ക്ലാർക്ക് ശ്രീ ജയ്മോൻ ടി. എൻ - സേവനത്തിൽ പ്രവേശിക്കാതെ പുറത്തുനിന്ന കാലയളവ് ക്രമവത്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധാ) നം. 1234/ 2019/ ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 17/ 06/ 2019**

പരാമർശം:- 1. മുഖ്യനഗരാസൂത്രകന്റെ 11.04.2019 ലെ റ്റി സി പി സി റ്റി പി/ 30/ 2019-എ 2 നമ്പർ കത്ത്.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണലിന്റെ 11.04.2019 ലെ ഒ എ നമ്പർ 12/ 2019 കേസിലെ വിധിന്യായം.

**ഉത്തരവ്**

വയനാട് നഗരാസൂത്രണ കാര്യാലയത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന ശ്രീ ജയ്മോൻ ടി.എൻ - നെ ടി കാര്യാലയത്തിൽ നിന്നും എറണാകുളം സീനിയർ ടൗൺപ്ലാനറുടെ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റിയതിനെ തുടർന്ന് 28.12.18 അപരാഹ്നം വിടുതൽ ചെയ്യുകയും എന്നാൽ ടിയാൻ ട്രാൻസിറ്റ് ആയിരിക്കേ 28.12.18-ലെ ഉത്തരവ് പ്രകാരം കാസർഗോഡ് ടൗൺപ്ലാനറുടെ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റുകയും ആയതിനെതിരെ ശ്രീ ജയ്മോൻ ടി.എൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും ബഹു.ട്രൈബ്യൂണൽ ടിയാന് ഉചിതമായ പോസ്റ്റിംഗ് ഓർഡർ നൽകണമെന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടിയാനെ കാസർഗോഡ് ടൗൺപ്ലാനറുടെ കാര്യാലയത്തിൽ ഹെഡ്ക്ലാർക്കായി നിയമിച്ച് ഉത്തരവിറക്കുകയും ചെയ്തു.

മേൽ ഉത്തരവനുസരിച്ച് ശ്രീ ജയ്മോൻ ടി.എൻ 19.02.19 പൂർവാഹ്നം കാസർഗോഡ് ടൗൺപ്ലാനറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ച വയനാട് നഗരാസൂത്രണ കാര്യാലയത്തിൽ നിന്ന് വിടുതൽ ചെയ്ത 29.12.18 പൂർവാഹ്നം മുതൽ സേവനത്തിൽ തിരികെ പ്രവേശിച്ച തിയതിയായ 18.02.19 അപരാഹ്നം വരെയുള്ള കാലയളവ് ക്രമവത്ക്കരിച്ച് നല്കണമെന്ന് പരാമർശം 1 പ്രകാരം മുഖ്യനഗരാസൂത്രകൻ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട് നഗരാസൂത്രണ കാര്യാലയത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവന്നിരുന്ന ശ്രീ ജയ്മോൻ ടി.എൻ, സ്ഥലംമാറ്റത്തെത്തുടർന്ന് തിരികെ സേവനത്തിൽ പ്രവേശിക്കാതെ നിന്ന 29.12.2018 മുതൽ 10.02.2019 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായും 11.02.2019 മുതൽ 18.02.2019 വരെയുള്ള കാലയളവ് കെ എസ് ആർ ഭാഗം 1 ചട്ടം 125 പ്രകാരം പ്രവേശനകാലമായും ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്: മുഖ്യനഗരാസൂത്രകൻ തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ശ്രീ ജയ്മോൻ ടി.എൻ, ഹെഡ്ക്ലാർക്ക്, നഗരഗ്രാമാസൂത്രണ വകുപ്പ്.

(മുഖ്യനഗരാസൂത്രകൻ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ